**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5996** **09-11-2021 - ൽ മറുപടിയ്ക്ക്**

**പാലക്കാട് മെഡിക്കൽ കോളേജിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടിക സമുദായ ക്ഷേമ വകുപ്പിൻ കീഴിലെ പാലക്കാട് മെഡിക്കൽ കോളേജിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | പാലക്കാട് മെഡിക്കൽ കോളേജിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി നാഷണൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡപ്രകാരം 500 കിടക്കകളുള്ള ആശുപത്രി പ്രവർത്തനക്ഷമമാക്കുവാനാവശ്യമായ നടപടികൾ വളരെ വേഗത്തിൽ പുരോഗമിച്ച് വരികയാണ്. കൂടാതെ ആശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളുടെ കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ ആശുപത്രി പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ വാങ്ങുന്നതിനായി 6.82 കോടി രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് (KMSCL) കൈമാറിയിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഒപി/ഐപി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതാണ്. 500 കിടക്കകളുള്ള ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരണ ഘട്ടത്തിലാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പുതുക്കിയ മാനദണ്ഡപ്രകാരം അത്യാധുനിക സൗകര്യത്തോടെയുള്ള എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റ് പ്രവർത്തിപ്പിക്കാൻ നിലവിൽ പണിതു കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ തന്നെ സൗകര്യം ചെയ്തിട്ടുണ്ട്. ഡി.പി.ആർ ലെ മുഴുവൻ ജോലികളും പൂർത്തിയായാൽ മെഡിക്കൽ കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകും. ടി ജോലികൾ 31.12.2021 ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| (ബി) | പ്രസ്തുത മെഡിക്കൽ കോളേജിൽ കൂടുതൽ സീറ്റും പി.ജി. കോഴ്സുകളും അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | 8 വകുപ്പുകളിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നും എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. പി.ജി.കോഴ്സുകൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനുള്ള അഫിലിയേഷൻ ലഭിക്കുന്നതിനായി ഡിസംബർ 2021, ജനുവരി 2022 മാസങ്ങളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അതിനു മുന്നോടിയായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഒഴിവുള്ള അദ്ധ്യാപക ജീവനക്കാരുടെ കുറവ് നികത്തുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വർഷം തോറും 100 വിദ്യാർത്ഥികൾക്ക് MBBS അഡ്മിഷൻ നൽകി വരുന്ന മെഡിക്കൽ കോളേജിന്റെ ടീച്ചിംഗ് ആശുപത്രിയായി നിലവിൽ പ്രവർത്തിച്ചു വരുന്നത് പാലക്കാട് ജില്ലാ ആശുപത്രിയാണ്. 2021ഡിസംബറിൽ ആശുപത്രി കെട്ടിടം പണി പൂർത്തിയാക്കി, അടിസ്ഥാന സൗകര്യങ്ങളോടുകൂടി മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിലേക്ക് മാറ്റിയതിനു ശേഷം കൂടുതൽ സീറ്റ് ലഭിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**
**മൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5996 — 09.11.2021 ലെ മറുപടിയ്ക്ക്

**പാലക്കാട് മെഡിക്കൽ കോളേജിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി**

| | ചോദ്യം<br>**ശ്രീ തോമസ് കെ തോമസ്** | | മറുപടി<br>**കെ.രാധാകൃഷ്ണൻ**<br>(പട്ടികജാതി-പട്ടികവർഗ്ഗ,പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | പട്ടിക സമുദായ ക്ഷേമ വകുപ്പിൻ കീഴിലെ പാലക്കാട് മെഡിക്കൽ കോളേജിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | എ) | പാലക്കാട് മെഡിക്കൽ കോളേജിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി നാഷണൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡപ്രകാരം 500 കിടക്കകളുള്ള ആശുപത്രി പ്രവർത്തനക്ഷമമാക്കുവാനാവശ്യമായ നടപടികൾ വളരെ വേഗത്തിൽ പുരോഗമിച്ച് വരികയാണ്. കൂടാതെ ആശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ അദ്ധ്യാപക- അനദ്ധ്യാപക തസ്തികകളുടെ കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ ആശുപത്രി പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ വാങ്ങുന്നതിനായി 6.82 കോടി രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് (KMSCL) കൈമാറിയിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഒപി/ഐപി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതാണ്.<br><br>500 കിടക്കകളുള്ള ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരണ ഘട്ടത്തിലാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പുതുക്കിയ മാനദണ്ഡപ്രകാരം അത്യാധുനിക സൗകര്യത്തോടെയുള്ള എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റ് പ്രവർത്തിപ്പിക്കാൻ നിലവിൽ പണിതു കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ തന്നെ സൗകര്യം ചെയ്തിട്ടുണ്ട്. ഡി.പി.ആർ ലെ മുഴുവൻ |

| | | | |
|---|---|---|---|
| | | | ജോലികളും പൂർത്തിയായാൽ മെഡിക്കൽ കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകും. ടി ജോലികൾ 31.12.2021 ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| ബി) | പ്രസ്തുത മെഡിക്കൽ കോളേജിൽ കൂടുതൽ സീറ്റും പി.ജി. കോഴ്സുകളും അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) | 8 വകുപ്പുകളിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നും എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. പി.ജി.കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അഫിലിയേഷൻ ലഭിക്കുന്നതിനായി ഡിസംബർ 2021, ജനുവരി 2022 മാസങ്ങളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അതിനു മുന്നോടിയായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഒഴിവുള്ള അദ്ധ്യാപക ജീവനക്കാരുടെ കുറവ് നികത്തുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വർഷം തോറും 100 വിദ്യാർത്ഥികൾക്ക് MBBS അഡ്മിഷൻ നൽകി വരുന്ന മെഡിക്കൽ കോളേജിന്റെ ടീച്ചിംഗ് ആശുപത്രിയായി നിലവിൽ പ്രവർത്തിച്ചു വരുന്നത് പാലക്കാട് ജില്ലാ ആശുപത്രിയാണ്. 2021 ഡിസംബറിൽ ആശുപത്രി കെട്ടിടം പണി പൂർത്തിയാക്കി, അടിസ്ഥാന സൗകര്യങ്ങളോടുകൂടി മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിലേക്ക് മാറ്റിയതിനു ശേഷം കൂടുതൽ സീറ്റ് ലഭിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**